(ഇ) നിലവിലുള്ള സ്പെഷ്യൽ റൂൾസ് മറികടന്ന് മുഖ്യമന്ത്രിയുടേയോ മന്ത്രിസഭയുടേയോ അനുമതിയില്ലാതെ പ്രസ്തുത ഉദ്യോഗസ്ഥന് പുരാവസ്തുവകുപ്പ് ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത ഉദ്യോഗസ്ഥന് അനധികൃത ശമ്പള സ്കെയിൽ അനുവദിച്ചതിനെതിരെ 15-7-99 ലെ 114/98/ഒ.പി./33/99 എന്നീ നമ്പരായി അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഒരു കത്ത് ചീഫ് സെക്രട്ടറിക്ക് അയച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ റിസർച്ച് ലബോറട്ടറിയിൽ ഡയറക്ടർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ അർഹനാക്കുന്നതിനുവേണ്ടി പുരാവസ്തു വകുപ്പിലെ കൺസർവേഷൻ ഓഫീസറായി സേവനമനുഷ്ടിച്ചിരുന്ന ഡോ. എം.വി. നായർക്ക് അന്നത്തെ മുഖ്യമന്ത്രിയുടെയും ധനകാര്യവകുപ്പിന്റെയും അംഗീകാരത്തോടെ ഉയർന്ന ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്.

(സി)&(ഡി) അധിക ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. റദ്ദാക്കാൻ മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ ഹൈക്കോടതിയിൽ കേസും നിലവിലുണ്ട്.

(ഇ) താല്ക്കാലികാടിസ്ഥാനത്തിൽ പുരാവസ്തുവകുപ്പ് ഡയറക്ടറുടെ പൂർണ്ണ അധികചുമതല നൽകിയിട്ടുണ്ട്.

(എഫ്)&(ജി) ഉണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

6 (2304) റിട്ടയർ ചെയ്ത സർക്കാർ ജീവനക്കാർ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 ഫെബ്രുവരി ഒന്നുവരെ സർക്കാരിൽനിന്നും ശമ്പളം പറ്റുന്ന എത്ര ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പുതുതായി എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ് സർക്കാർ ജീവനക്കാർ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-1999 വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി 74293 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി 72989 പേർക്കും നിയമനം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന ജനസംഖ്യയുടെ 1.62 ശതമാനം സംസ്ഥാന ജീവനക്കാരാണ്.

7 (2305) സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചവർ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി സംസ്ഥാനത്തെ വിവിധ വകുപ്പുകളിലും സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇനം തിരിച്ച് വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എത്ര റാങ്ക് ലിസ്റ്റുകൾ ഈ സർക്കാരിന്റെ കാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികയിൽ നിയമനം നടത്തുന്നതിനായാണ് റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; ഈ റാങ്ക്‌ലിസ്റ്റുകളിൽനിന്നും ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ആകെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) ഓരോ വർഷത്തേയും ഇനം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർവ്വീസിലും വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ബോർഡുകളിലും കോർപ്പറേഷനുകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലുമായി എത്രപേരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരാർ അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(എഫ്) ഓരോ സ്ഥാപനത്തിലും നടത്തിയ നിയമനം, നിയമനം നടത്തിയ രീതി തുടങ്ങിയ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(എഫ്)വരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-99 വരെ പി.എസ്.സി വഴി 74293 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 72989 പേർക്കും വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി നിയമനം നൽകിയിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

8 (2307) ജനസേവന കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ശ്രീ. മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതിയതായി ആരംഭിക്കുന്ന 'ജനസേവന കേന്ദ്ര'ത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇത് പൊതുജനങ്ങൾക്ക് എപ്രകാരം പ്രയോജനപ്പെടുമെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly